4

# അവർ "നിക്ഷേപ പാത്രങ്ങൾ തുറന്നു"

അബ്രഹാമിന് ധാരാളം കന്നുകാലി സമ്പത്തുണ്ടായിരുന്നു. അവന്റെ കന്നുകാലികളിൽ ഏറ്റവും നല്ലതു ദൈവത്തിന് അർപ്പിക്കുവാൻ അബ്രഹാമിന്നു കഴിയുമായിരുന്നു, എന്നാൽ ദൈവം അത് അർപ്പിക്കുവാൻ അവനോട് ആവശ്യപ്പെട്ടില്ല. അബ്രഹാമിന് ഏറ്റവും വിലയുള്ള ഒന്നിനെയാണ് – തന്റെ ജീവൻ പോലും നല്കുവാൻ തയ്യാറായ തന്റെ മകനെയാണ് ദൈവം ആവശ്യപ്പെട്ടത്. അബ്രഹാമിന് അവന്റെ വീട്ടിൽ ധാരാളം ഭൃത്യന്മാരുണ്ടായിരുന്നു. ദൈവം അവരിൽ ഒരാളെ എന്തുകൊണ്ട് ആവശ്യപ്പെട്ടില്ല? വളരെ–മുൻപ് ദൈവം വാഗ്ദാനം ചെയ്തു കിട്ടിയ – ഏക മകനായ യിസഹാക്കിനെയാണ് ആവശ്യപ്പെട്ടത്. ദൈവം തന്ന സന്തതി മുഖാന്തരം വലിയോരു ജാതിയാക്കുവാൻ അബ്രഹാം നോക്കിയിരുന്നത് യിസഹാക്കിനെയായിരുന്നു. ഉൽപത്തി 22:3–ൽ "ഇല്ല കർത്താവേ, യിസഹാക്കിനെ മാത്രം അരുതേ, മറ്റെന്തു വേണമെങ്കിലും ആകട്ടെ! ദയവു ചെയ്ത് ദൈവമേ, യിസഹാക്കിനെ എനിക്ക് തന്നെ തരേണമേ" എന്ന് പറഞ്ഞിരുന്നുവെങ്കിൽ, ഞാൻ അതിശയിക്കയില്ല. എന്തൊരു ത്യാഗം! ഇന്ന് ആരാധന ത്യാഗം ആവശ്യപ്പെടുന്നുണ്ടോ?

വിദ്വാന്മാർ യേശുവിനെ നമസ്ക്കരിക്കുവാൻ തറയിൽ വീണു, "നിക്ഷേപ പാത്രങ്ങളെ തുറന്നു അവന്നു പൊന്നും, മൂരും, കുന്തുരുക്കവും കാഴ്ച്ച വെച്ചു" (മത്തായി 2:11; എൻകെജെവി). അതെ ആരാധന വിലയേറിയ കാഴ്ച്ചകൾ ആവശ്യപ്പെടുന്നു. വളരെക്കാലമായി കൊടുത്തുവരുന്ന ഒരു സമ്മാനമാണ് പൊന്ന്. രാജാക്കന്മാരുടെ കിരീടങ്ങൾ സ്വർണ്ണംകൊണ്ടാണ് ഉണ്ടാക്കിയിരുന്നത്. രാജധാനികളും ക്ഷേത്രങ്ങളും പൊന്നുകൊണ്ടാണ് അലങ്കരിച്ചിരുന്നത്. രാജാവിന് യോജിച്ച സമ്മാനം തന്നെയാണ് പൊന്ന്.

കുന്തുരുക്കം ഏതു തരത്തിലുള്ള സമ്മാനമാണ്? സമാഗമനകൂടാരത്തിൽ അതിവിശുദ്ധസ്ഥലവും വിശുദ്ധസ്ഥലവും തമ്മിൽ വേർതിരിച്ചിരുന്ന തിരശീലക്ക് പിന്നിൽ ഉള്ള യാഗപീഠത്തിൽ സുഗന്ധവർഗം ഇട്ടു പുകച്ചിരുന്നു. സുഗന്ധത്തിനു പുകച്ചിരുന്ന സാധനങ്ങളിൽ ഒന്നായിരുന്നു കുന്തുരുക്കം. യാഗപീഠത്തിൽ ധൂപമർപ്പിക്കുവാൻ പ്രത്യേക സുഗന്ധവർഗ്ഗം എടുക്കുവാൻ മോശെയോട് പറഞ്ഞിരുന്നു. ദൈവത്തെ ആരാധിക്കുന്നത് ദൈവത്തിന് സൗരഭ്യവാസനയായി തീരുവാൻ ഉപയോഗിക്കേണ്ട സാധനങ്ങളിൽ ഒന്നായിരുന്നു കുന്തുരുക്കം. ആ ധൂപം വിശുദ്ധവും, ആരാധനയിൽ യാഗപീഠത്തിൽ മാത്രം ഉപയോഗിക്കേണ്ടതുമായിരുന്നു (പുറപ്പാട് 30:34–38).

കുന്തുരുക്കം എപ്പോഴും പച്ചയുള്ള വൃക്ഷത്തിന്റെ കറയാണ്, അത് ഇപ്പോഴും പൂർവ്വദേശങ്ങളിലെ മതപരമായ ചടങ്ങുകളിൽ ഉപയോഗിക്കുന്നുണ്ട്[1] അത് തീകൊണ്ട് കത്തിക്കുമ്പോൾ മാത്രമാണ് അതിൽ നിന്നു സൗരഭ്യവാസന പുറപ്പെടുവിക്കുന്നത്. യേശുവിന്റെ പാപരഹിതമായ ജീവിതത്തെയാണ്[2] അത് പ്രതിനിധീകരിക്കുന്നതെന്ന് ആൽഫ്രഡ് പി. ജിബ്സ് പറഞ്ഞു. ആ കാഴ്ച്ച ദൈവത്തിന് അർപ്പിക്കുന്ന യാഗത്തെയും പ്രതിനിധീ

കരിക്കുന്നതാണ്, അത് തീയാൽ ശോധന ചെയ്യുമ്പോഴാണ് ദൈവത്തിന് സൗരഭ്യവാസനയായി തീരുന്നത് (1 പത്രൊസ് 1:7). ദൈവത്തോട് വിശ്വസ്തത പുലർത്തുന്ന ആരാധകനായിരിക്കയും വേണം. "നമ്മുടെ *ആരാധനയുടെ* സൗരഭ്യവാസനയാണ് നമ്മുടെ അവസാനത്തെ തീയാലുള്ള യാഗം (ധൂപ വർഗയാഗം)."[3]

മൂര്, ബാൽസാം എന്ന മരത്തിൽനിന്നെടുക്കുന്ന കറയാണ്,[4] അതു സമാഗമനകൂടാരയാഗത്തിൽ ഉപയോഗിച്ചിരുന്നതാണ്. വിശുദ്ധതൈലം കൊണ്ട് അഭിഷേകം ചെയ്തു സമാഗമനകൂടാരത്തിലെ ഉപകരണങ്ങളും വസ്തുക്കളും വിശുദ്ധീകരിപ്പാൻ ഉപയോഗിച്ചതായിരുന്നു അത്. അത്തരം എണ്ണ ഉപയോഗിച്ചായിരുന്നു അഹരോനേയും, മക്കളേയും, പുരോഹിതന്മാരേയും അഭിഷേകം ചെയ്തിരുന്നത് (പുറപ്പാട് 30:22–32). മൂര് യഹോവക്ക് വിശുദ്ധമായിരുന്നു, അത് മറ്റൊരു ഉദ്ദേശത്തിനും ഉപയോഗിച്ചിരുന്നില്ല.

യേശു ക്രൂശിൽ തൂങ്ങി കിടന്നപ്പോൾ, വേദന കുറക്കുവാനായി കൊടുത്ത വീഞ്ഞിൽ മൂരും ചേർത്തിരുന്നു (മർക്കൊസ് 15:23). യേശുവിന്റെ ശരീരം അടക്കുവാനായി നിക്കൊദേമൊസ് മൂര് അടങ്ങിയ സുഗന്ധവർഗം കൊണ്ടുവന്നിരുന്നു (യോഹന്നാൻ 19:39, 40). അതിന് കഷ്ടതയും മരണവുമായി ബന്ധമുള്ളതുകൊണ്ട്, അത് പ്രവചനപരമായി യേശു മനുഷ്യരെ വീണ്ടെടുക്കുവാൻ കഷ്ടതയനുസരിച്ച് മരിക്കുന്നതിനെ പ്രതിനിധാനം ചെയ്തതായിരുന്നു എന്ന് ചിലർ വിശ്വസിക്കുന്നു.[5] ആ കാഴ്ച്ചകൾക്ക് അത്തരം അർത്ഥം ലഭിക്കുന്നവർക്ക് ഉണ്ടോ എന്നതു ചോദ്യം ചെയ്യുന്നവയാണ്. എങ്കിലും, അവ ആരാധകന്റെ യാഗത്തിന്റെ ഭാഗമാണ് എന്നത് ചോദ്യം ചെയ്യപ്പെടാത്ത കാര്യമാണ്. അവരുടെ "നിക്ഷേപ പാത്രങ്ങളിൽ" നിന്നാണ് അവർ ആ കാഴ്ച്ചകൾ നൽകിയത് (മത്തായി 2:11).

കുന്തുരുക്കവും മൂരും പുരോഹിത സമ്മാനങ്ങളായിരുന്നു. ദൈവത്തിന് എപ്പോഴും സൗരഭ്യവാസന നൽകാതിരുന്ന ജനത്തിനു വേണ്ടി ദൈവത്തോട് അടുക്കുവാൻ പുരോഹിതന്മാർ ഉപയോഗിച്ച മൂലകങ്ങളായിരുന്നു അവ. പാപവും, അകൃത്യവും, മരണവും പ്രതീകാത്മകമായി കുന്തുരുക്കവും മൂരും മറച്ചിരുന്നു. വെളിപ്പാടിൽ, യാഗപീഠത്തിൽനിന്നുയർന്ന ധൂപവർഗത്തിന്റെ പുക വിശുദ്ധന്മാരുടെ പ്രാർത്ഥനയാണ് സൗരഭ്യ-വാസനയായി ദൈവസന്നിധിയിലെത്തിയത് (വെളിപ്പാട് 5:8; 8:3, 4). ദാവീദും ഇതേ അർത്ഥത്തിൽ പറയുന്നു, "എന്റെ പ്രാർത്ഥന ദൈവസന്നിധിയിൽ ധൂപമായും എന്റെ കൈകളെ ഉയർത്തുന്നത് സന്ധ്യായാഗമായും തീരട്ടെ" (സങ്കീർത്തനങ്ങൾ 141:2).

## ഒരു വിലയേറിയ ദാനം

നാം സൂക്ഷിക്കേണ്ട ഒന്നാണ് കാഴ്ച്ച – വിലയേറിയ ഒന്നാണ് അത്, അല്ലെങ്കിൽ അത് ഒരു യാഗമേ ആകുന്നില്ല. ദാവീദിന്റെ ജീവിതത്തിലെ രണ്ട് ഭാഗങ്ങൾ ഈ സത്യം ചിത്രീകരിക്കുന്നു. ഫെലിസ്ത്യർ രെഫയിം താഴ്വരയിൽ പാളയമടിച്ചപ്പോഴായിരുന്നു ഒരു സംഭവം നടന്നത്, ആ താഴ്‌വര യെരുശലേമിൽ തുടങ്ങി ബേത്‌ലഹേം വരെ നീണ്ടു കിടന്നിരുന്നു. ഫെലിസ്ത്യരുടെ കാവൽ സൈന്യം ബേത്‌ലഹേമിലുണ്ടായിരുന്നു. അതുല്ലാമിൽ ദാവീദിന്റെ ശക്തരായ ആളുകളുമുണ്ടായിരുന്നു. ബേത്‌ലഹേമിലെ ശുദ്ധവും തണുപ്പുള്ളതുമായ ജലത്തിനായി ദാവീദ് കാംക്ഷിച്ചു, ആ കിണർ പട്ടണവാതിൽക്കലായിരുന്നു. ഫെലിസ്ത്യ പടയാളികൾക്കിടയിലൂടെ ചെന്ന് സാഹസികമായി ആ വെള്ളം

കോരി ദാവീദിന് കൊണ്ടു കൊടുക്കാമെന്ന് അവനോട് പ്രതിപത്തിയുണ്ടായി രുന്ന മൂന്നു പടയാളികൾ ഏറ്റു (2 ശമുവേൽ 23:13-17).

ദാവീദ് വെള്ളം ആഗ്രഹിച്ചുവെങ്കിലും, അവൻ കുടിക്കുകയില്ല. പകരം, അവൻ അത് യഹോവക്ക് ഒഴിച്ചുകൊടുക്കും. തന്റെ പടയാളികൾ ജീവൻ പ ണയപ്പെടുത്തി കൊണ്ടുവരുന്ന വെള്ളം തനിക്കു കുടിക്കുവാൻ കഴിയുകയില്ല എന്ന് അവൻ ഉറച്ചു. ദാവീദ് പറഞ്ഞു, "യഹോവേ തങ്ങളുടെ പ്രാണനെ ഉപേ ക്ഷിച്ചുപോയ പുരുഷന്മാരുടെ രക്തം ഞാൻ കുടിക്കയോ? ഇതു ചെയ്വാൻ എനിക്കു സംഗതി വരരുതേ."

രണ്ടാമത്തെ ഉദാഹരണം കാണുന്നത് 2 ശമുവേൽ 24 ലാണ്. അവിടെ, ജന ത്തെ എണ്ണി ദാവീദ് യഹോവക്ക് അനിഷ്ടമായി പ്രവർത്തിച്ചതിനാൽ ദൈവം ജനത്തിലേക്ക് ഒരു സാംക്രമിക രോഗം അയച്ചു (വാക്യം. 15). ദേശത്താകെ എഴുപതിനായിരം പേർ മരിച്ചുപോയി. ദാവീദ് യഹോവയോട് പറഞ്ഞു, "ഞാന ല്ലോ പാപം ചെയ്തത്, ഞാനല്ലോ കുറ്റം ചെയ്തത്; ഈ ആളുകൾ എന്തു ചെയ്തു? നിന്റെ കൈ എനിക്കും എന്റെ പിതൃഭവനത്തിനും വിരോധമായിരി ക്കട്ടെ" (വാക്യം. 17). പ്രവാചകനായിരുന്ന ഗാദ് ദാവീദിന്റെ അടുക്കൽ വന്നു അവനോട് നീ ചെന്ന് അരവ്നയുടെ കളത്തിൽ യഹോവക്ക് ഒരു യാഗപീ ഠം ഉണ്ടാക്കുക എന്നു പറഞ്ഞു. അരവ്നയിൽനിന്ന് കളം വിലക്കു വാങ്ങി യാഗം കഴിക്കാമെന്ന് ദാവീദ് വിചാരിച്ചു. പക്ഷെ അരവ്ന ദാവീദിനോട്, യജ മാനനേ എന്തുവേണമെങ്കിലും എടുത്തുകൊൾക - കാളക്കോപ്പും വിറകും യാഗത്തിനുള്ളത് എല്ലാം എടുത്തുകൊൾക എന്നു പറഞ്ഞു. ദാവീദ് അവനേ ാട്, "വില കൂടാതെ ഞാൻ ഒന്നും നിന്നോട് വാങ്ങുകയില്ല. ഞാൻ അതു വിലക്കേ വാങ്ങുകയുള്ളു. ചെലവില്ലാതെ ഞാൻ ഒന്നും യഹോവക്ക് ഹോമ യാഗം കഴിക്കയില്ല എന്നു പറഞ്ഞു" (വാക്യം. 24).

കന്നുകാലികളെ വളർത്തുന്ന ഏതൊരാൾക്കും ഉണ്ടാകാവുന്ന പരീക്ഷ ണമാണ് ഏറ്റവും നല്ലതിനെ സൂക്ഷിക്കുക എന്നത്. ഉടമസ്ഥൻ സൂക്ഷിക്കു വാൻ ആഗ്രഹിക്കുന്ന ഏറ്റവും നല്ല മൃഗത്തെയാണ് ദൈവം ഓരോ വർഷവും യാഗത്തിനായി ആവശ്യപ്പെട്ടിരുന്നത് (സംഖ്യാപുസ്തകം 18:29). യാഗത്തിൽ വിലയേറിയ ദാനവും ഉൾപ്പെട്ടിരുന്നു. ആരാധനയിൽ ദൈവത്തിന് വിലയേ റിയ ദാനം നൽകലും ഉൾപ്പെടുന്നു. നമ്മുടെ സമ്പാദ്യത്തിൽ ആശ്രയിക്കുന്ന തിനേക്കാൾ ദൈവത്തിന് നല്ലതു കൊടുത്ത് അവനിൽ ആശ്രയിക്കുന്നതാണ് നല്ലതെന്ന് നാം കാണിക്കണം.

### പുരോഹിതന്മാർ നൽകിയ കാഴ്ച്ചകൾ

ക്രിസ്തീയ-യാഗങ്ങൾക്ക് മുൻപ് പുരോഹിതന്മാർ യാഗമർപ്പിച്ചിരുന്നു. യാഗങ്ങളുമായി ദൈവത്തിന്റെ അടുക്കലെത്തുവാൻ പുരോഹിതന്മാരെ മാത്രമെ അനുവദിച്ചിരുന്നുള്ളു. ക്രിസ്തീയാരാധനയുടെ അർത്ഥവത്തായ ആശയങ്ങൾ ഇതാണ്. യേശുവിന്റെ മരണം വിശുദ്ധസ്ഥലവും (സഭ) അതിവി ശുദ്ധസ്ഥലവും (ദൈവത്തിന്റെ സിംഹാസനം) തമ്മിലുള്ള വേർപാട് തിരശീല മാറ്റി. യേശു മരിച്ചപ്പോൾ തന്നെ രണ്ടും തമ്മിലുള്ള വേർപ്പാട് നീക്കിക്കൊണ്ട്, യെരുശലേം ദൈവാലയത്തിലെ തിരശീല മേൽ തൊട്ട് അടിവരെ രണ്ടായി കീറിപ്പോയി (മത്തായി 27:50, 51), ഇത് പുരോഹിതന്മാർ മുൻപ് ചെയ്തതുപോ ലെ അപ്പൊസ്തലന്മാർക്ക് ദൈവത്തോട് അടുക്കുവാനുള്ള വഴിയൊരുക്കി. നമ്മുടെ മഹാപുരോഹിതനായ യേശു "വിശുദ്ധ മന്ദിരത്തിൽ പ്രവേശിച്ചു നി

ത്യ വീണ്ടെടുപ്പ് സാധ്യമാക്കി" (എബ്രായർ 9:12). "ഒരിക്കൽ എന്നേക്കുമായിട്ടായിരുന്നു" അവൻ യാഗം അർപിച്ചത് (എബ്രായർ 10:12). തന്നെത്താൻ പാപങ്ങൾക്ക് യാഗമായി അർപ്പിച്ച് നമുക്ക് വേണ്ടി മഹാപുരോഹിതനായി തീർന്നതിനാൽ, മുൻപ് പുരോഹിതന്മാർക്കു മാത്രം നൽകിയിരുന്ന അവസ്ഥ, ദൈവത്തിന്റെ കൃപാസനത്തോട് അടുക്കുവാനുള്ള ധൈര്യം നമുക്കും ലഭിച്ചിരിക്കുന്നു (എബ്രായർ 4:16; 10:21, 22).

ഇതിന്റെ അർത്ഥം എന്താണെന്ന് നിങ്ങൾക്ക് മനസിലായോ? ക്രിസ്തുവിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ടവരാണ് പുരോഹിതന്മാർ! മുൻപ് പുരോഹിതന്മാർക്ക് മാത്രം നിൽക്കുവാൻ കഴിഞ്ഞ സ്ഥാനത്ത് നമുക്ക് ഇപ്പോൾ നിൽക്കുവാൻ കഴിയുന്നു. ദൈവത്തിന്റെ സത്യാരാധകർ "[നാം] അന്ധകാരത്തിൽനിന്നു തന്റെ അത്ഭുതപ്രകാശത്തിലേക്ക് നിങ്ങളെ വിളിച്ചവന്റെ സൽഗുണങ്ങളെ ഘോഷിപ്പാന്തക്കവണ്ണം [നാം] തിരഞ്ഞെടുക്കപ്പെട്ട ഒരു ജാതിയും രാജകീയ പുരോഹിതവർഗവും, വിശുദ്ധവംശവും, സ്വന്തജനവുമാകുന്നു" (1 പത്രൊസ് 2:9). അവന്റെ അത്ഭുതങ്ങളെ ഘോഷിക്കുക എന്നാൽ അവനെ പുകഴ്ത്തുക എന്നതാണ്!

ക്രിസ്തുവിൽ ദൈവം പൗരോഹിത്യത്തെ മാറ്റി എന്നതാണ് എബ്രായലേഖനത്തിലെ പ്രധാന പോയിന്റുകളിലൊന്ന്. പഴയനിയമ പുരോഹിതന്മാർ ലേവ്യാഗോത്രത്തിൽനിന്നായിരുന്നുവെങ്കിൽ, യേശുവിന്റെ പൗരോഹിത്യം യെഹൂദാ ഗോത്രത്തിൽനിന്നാണ് വന്നത് (എബ്രായർ 7:11–19). പുതിയ മഹാപുരോഹിതൻ വന്നു എന്നു മാത്രമല്ല, പൗരോഹിത്യ വ്യവസ്ഥക്കു തന്നെ മാറ്റം സംഭവിച്ചു. ഇന്ന്, അതാണ് മൊത്തത്തിൽ സഭ എന്നു പറയുന്നത്.പുരോഹിതന്മാരായി, ക്രിസ്ത്യാനികൾ അവനെ ആരാധിക്കുന്നതിനാൽ ദൈവത്തിന് യാഗം അർപ്പിക്കുവാൻ കടപ്പെട്ടിരിക്കുന്നു.

യോഹന്നാൻ, വെളിപ്പാട് രേഖപ്പെടുത്തിക്കൊണ്ട്, "നമ്മെ തന്റെ പിതാവും ദൈവവുമായവന്, രാജ്യവും പുരോഹിതന്മാരും ആക്കി വെച്ചു ..." എന്ന് ഉറപ്പിച്ചു പറയുന്നു (വെളിപ്പാട് 1:6). പിന്നെ ആരാധനാപ്രയോഗമായി "അവന് മഹത്വവും ആധിപത്യവും എന്നുമെന്നേക്കുമുള്ളത്, ആമേൻ" (1:6) എന്നു പറഞ്ഞു. പിന്നീട്, 5:10–ൽ, സിഹാസനത്തിനു ചുറ്റുമുള്ള സ്വർഗ്ഗീയ ജീവികളെ പ്രതിപാദിക്കയും, ആ അവസരത്തിൽ പുതിയ പാട്ട് പാടുകയും ചെയ്തു: "നീ അവരെ നമ്മുടെ ദൈവത്തിന് രാജ്യവും പുരോഹിതന്മാരും ആക്കി വെച്ചു; അവർ ഭൂമിയിൽ വാഴും." കുഞ്ഞാടിന്റെ രക്തത്താൽ വിലക്കു വാങ്ങപ്പെട്ടവർ, "എല്ലാ ഗോത്രങ്ങളിൽ നിന്നും ഭാഷകളിൽ നിന്നും, ദേശങ്ങളിൽ നിന്നും, ജാതികളിൽ നിന്നും ഉള്ളവർ ആയിരുന്നു" (5:9), ദൈവത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ച് രാജ്യം, അവൻ ആരാണെന്നും, എന്തു ചെയ്തു എന്നും, എന്തു ചെയ്തുകൊണ്ടിരിക്കുന്നു എന്നും മനസിലാക്കി. അത് അറിയുവാനും, വിശ്വസിച്ച് അവനെ ആദരിക്കുവാൻ കുമ്പിടുവാനും സർവ്വശക്തനെ പുകഴ്തുവാനും ആയിരുന്നു. പുരോഹിതന്മാരായതുകൊണ്ട്, "നമുക്ക് ഇനി കാഴ്ച്ചക്കാരായിരിപ്പാൻ സാദ്ധ്യമല്ല; നാം പങ്കെടുക്കുന്നവരായിരിക്കണം."[6]

വെളിപ്പാട് പുസ്തകത്തിലെ ഈ ഭാഗം ചർച്ച ചെയ്തുകൊണ്ട്, 1 പത്രൊസ് 2:9 നെ പരാമർശിച്ചുകൊണ്ട്. ജാക്ക് ഹെഫോർഡ് പറഞ്ഞു: "രാജ്യം, '*രാജകീയമായ*' എന്നീ വാക്കുകൾ ഈ സന്ദർഭത്തിൽ സൂചിപ്പിക്കുന്നത് ആരാധനയിലെ പൗരോഹിത്യ ശുശ്രൂഷയെ ആണ്. അതുകൊണ്ട്, ക്രിസ്തുവിലുള്ള നമ്മുടെ ജീവിതം അവനെ ആരാധിക്കുന്നതി*ലൂടെ അവനിലെ* ആധിപത്യത്തെ

നാം തിരിച്ചറിയുന്നു."[7] ഈ വേദഭാഗങ്ങളിലെ പല പ്രയോഗങ്ങളും പുറപ്പാട് 19:5, 6-ൽ നിന്നും നേരിട്ട് എടുത്തതാണ്. മോശെ സീനായി പർവ്വതത്തിൽ ചെന്നപ്പോൾ, യിസ്രായേൽ മക്കൾ *സ്വന്തജനം, രാജകീയ പുരോഹിതന്മാരും വിശുദ്ധ ജനവും* ആയിരിക്കുമെന്ന് ജനത്തോട് പറയുവാൻ ദൈവം മോശെക്ക് നിർദ്ദേശം കൊടുത്തിരുന്നു. ദൈവം ആരംഭത്തിൽ യിസ്രായേലിന് നൽകുവാൻ ആഗ്രഹിച്ചതാണ്, ഇന്ന് അവൻ സഭയിൽ സത്യാരാധകർക്ക് നൽകുന്നത്.

**ഒരു ജീവനുള്ള ദാനം**

ദൈവത്തിന് യാഗം അർപ്പിക്കുന്നതിനെക്കുറിച്ച് ചിന്തിക്കുമ്പോൾ, പലരുടേയും മനസ്സിൽ വരുന്നത് സാമ്പത്തിക സംഭാവനകളെക്കുറിച്ചാണ്. അത്തരത്തിലുള്ള യാഗത്തിന്റെ പ്രാധാന്യത്തെ ഞാൻ കുറച്ചു കാണുന്നില്ല – അത് തീർച്ചയായും ത്യാഗമുള്ള നല്കൽ തന്നെയാണ്. ഒരു വിധത്തിൽ, സാമ്പത്തികമായി നമുക്കുള്ളത് നൽകുമ്പോൾ അത് നമ്മുടെ ഭാഗത്തുള്ള ആരാധനാ യാഗമാണ്. എങ്ങനെ ആയാലും, തിരുവെഴുത്ത് പഠനത്തിൽ നിന്ന്, നമ്മുടെ സമ്പാദ്യങ്ങളെക്കാൾ ദൈവം നമ്മിൽ നിന്ന് അധികമായി ആഗ്രഹിക്കുന്നു എന്ന് മനസിലാക്കാം. നമ്മുടെ ഭൗതികമായ യാതൊന്നും അവന് ആവശ്യമില്ല, ആഗ്രഹിക്കുന്നുമില്ല. സമ്പാദ്യങ്ങളാണ് നല്കുവാൻ എളുപ്പമുള്ള "വസ്തു." ആദ്യം ക്ഷണിച്ചപ്പോൾ തന്നെ പത്രൊസും അന്ത്രെയോസും തങ്ങളുടെ വല വിട്ടു അവനെ അനുഗമിച്ചു (മത്തായി 4:18–20), എന്നാൽ അധികം താമസിയാതെ, തങ്ങളുടെ ജീവനെ തന്നെയാണ് യേശു വിളിച്ചതെന്ന് അവർ മനസിലാക്കി.

മനുഷ്യൻ ഹൃദയത്തിൽ ദൈവത്തെ തള്ളിക്കളയുന്നതാണ് തനിക്കു വേണ്ടി തന്നെത്തന്നെ ആഗ്രഹിക്കുന്നത്! അതായിരുന്നു ആദ്യ പാപത്തിന്റെ കാരണമെന്ന് ഞാൻ മനസിലാക്കുന്നു. താൻ നിർമ്മിച്ച ഭൂമിയെ വാഴുവാൻ ദൈവം ആദാമിനെ ആക്കി (ഉല്പത്തി 1:26). മനുഷ്യന്റെ ഹൃദയത്തിൽ വാഴുന്നതിന്റെ അടിസ്ഥാനത്തിലാണ് ഭൂമിയെ മനുഷ്യൻ വാഴുന്നത്. തന്റെ ജീവിതത്തിൽ ദൈവം വാഴുന്നതിനെ ആദാം ഉപേക്ഷിച്ചു, അങ്ങനെ അവൻ ഭൂമിയെ വാഴുന്നതും ഉപേക്ഷിച്ചു. ക്രിസ്തുവിൽ, രാജ്യമായി തീർന്ന ആളുകൾ ഒരിക്കൽ കൂടെ നഷ്ടപ്പെട്ട വാഴ്ച്ച വീണ്ടും അവകാശമാക്കുന്നു. "സൗമ്യതയുള്ളവർ ഭാഗ്യവാന്മാർ ["താഴ്മ"; എൻകെജെവി – യജമാനന്റെ നിയന്ത്രണത്തിന് വിധേയപ്പെട്ടവർ], അവർ ഭൂമിയെ അവകാശമാക്കും" (മത്തായി 5:5).

ഓസ് വാൾഡ് ചേമ്പേഴ്സ് പറഞ്ഞു, "ഉപേക്ഷിക്കേണ്ടതിന് ഒന്നും നൽകുവാൻ ദൈവം പറഞ്ഞിട്ടില്ല. വിലയുള്ളതാണ് അവൻ നല്കുവാൻ ആവശ്യപ്പെടുന്നത് – അതായത് അവനോടു കൂടിയുള്ള ജീവിതം."[8] ആ യാഗമായിരിക്കാം ഒരു പക്ഷെ റോമർ 12:1-ൽ വിവരിച്ചത്. ദൈവത്തിന്റെ ജ്ഞാനത്തിനും പരിജ്ഞാനത്തിനും ധനത്തിനും സ്തോത്രം പറഞ്ഞുകൊണ്ടാണ് അദ്ധ്യായം 11 അവസാനിക്കുന്നത്: "അവന് എന്നേക്കും മഹത്വം ഉണ്ടാകട്ടെ. ആമേൻ." "ആകയാൽ," എന്നാണ് അദ്ധ്യായം 12-ൽ തുടങ്ങുന്നത്, അത് തുടർച്ചയെ സൂചിപ്പിക്കുന്നു. അതായത്, ദൈവത്തിന്റെ ജ്ഞാനവും പരിജ്ഞാനവും അളക്കുവാൻ കഴിയാത്തതാണ്, "ഞാൻ ദൈവത്തിന്റെ മനസ്സലിവു ഓർപ്പിച്ചു നിങ്ങളെ പ്രബോധിപ്പിക്കുന്നത് [നിങ്ങൾ] ബുദ്ധിയുള്ള ആരാധനയായി [നിങ്ങളുടെ] ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിനു പ്രസാദവുമുള്ള യാഗമായി സമർപ്പിപ്പിൻ." ഒരിക്കൽ നൽകിയാൽ, വീണ്ടും നൽകുവാൻ

കഴിയാത്ത നിർജ്ജീവമായ യാഗമല്ല ദൈവം ആഗ്രഹിക്കുന്നത്. ദൈവം നമ്മെയാണ് ആഗ്രഹിക്കുന്നത്; അവന് നമ്മുടെ ജീവിതമാണ് വേണ്ടത്! രാജ്യം മുഴുവൻ പൗരോഹിത്യ ആരാധകരെയാണ് ദൈവം പ്രതീക്ഷിക്കുന്നത്. നമ്മുടെ സ്വയ യാഗത്തിന്റെ ഉദ്ദേശം ദൈവത്തിന്റെ അഹംഭാവത്തെ ഇല്ലാതാക്കുന്നതിനോ, അല്ലെങ്കിൽ അവന് പ്രശംസാവകാശം കൊടുക്കുന്നതിനോ അല്ല. നമ്മുടെ ജീവിതം അവന് നൽകിക്കൊണ്ട് മാത്രമേ നമുക്ക് മുമ്പോട്ടു പോകുവാൻ ആകു എന്നത് കൊണ്ടാണ് നമ്മെ അവന് നല്കുവാൻ അവൻ ആവശ്യപ്പെടുന്നത് (മത്തായി 16:25).

സ്വർഗ്ഗീയ സൈന്യത്തിന്റെ ആരാധനയാൽ ഈ തത്വം ചിത്രീകരിക്കപ്പെട്ടിരിക്കുന്നത്. വെളിപ്പാട് 4:10-ൽ അവർ തങ്ങളുടെ കിരീടങ്ങളെ സിംഹാസനത്തിനു മുമ്പിൽ താഴെ ഇട്ട്, വാഴ്ചയും അധികാരവും സിംഹാസനത്തിൽ ഇരിക്കുന്നവനാണെന്ന് ആലങ്കാരികമായി ബോധ്യമാക്കുന്നു. അവർ തങ്ങളുടെ അധികാരവും സ്ഥാനവും വാഴ്ചയും യാഗമാക്കി തീർത്തു.

ഈ തത്വം പൗലോസ് രേഖപ്പെടുത്തിയ തന്റെ അവസാന വാക്കുകളിൽ ചിത്രീകരിച്ചിരിക്കുന്നു. താൻ കർത്താവിന്റെ അടുക്കലേക്ക് ഉടനെ പോകുമെന്നറിഞ്ഞുകൊണ്ട്, അവൻ തിമൊഥെയോസിന് എഴുതി, "ഞാനോ ഇപ്പോൾതന്നേ പാനിയയാഗമായി ഒഴിക്കപ്പെടുന്നു; എന്റെ നിര്യാണകാലവും അടുത്തിരിക്കുന്നു" (2 തിമൊഥെയോസ് 4:6). അവന്റെ കർത്താവ് അവനു വേണ്ടി ക്രൂശിൽ തറച്ചതിനാൽ - അവന്റെ ജീവൻ, അവൻ കർത്താവ് ചെയ്തതുപോലെ യാഗമാക്കി തീർതു.

"അവന്റെ നാമത്തെ ഏറ്റുപറയുന്ന അധരഫലം എന്ന സ്തോത്രയാഗം ഇടവിടാതെ അർപ്പിക്കുക" എന്നാണ് എബ്രായ ലേഖകൻ എഴുതിയത് (13:15). അവൻ തുടർന്നു, "നന്മചെയ്യുവാനും കൂട്ടായ്മ കാണിപ്പാനും മറക്കരുത്. ഈ വക യാഗത്തിലല്ലോ ദൈവം പ്രസാദിക്കുന്നത്" (13:16). ഈ വേദഭാഗത്തിലെ ആദ്യഭാഗം ഹോശേയ പ്രവാചകന്റെ പ്രസ്താവനയാണ് സുചിപ്പിക്കുന്നത്: നിങ്ങൾ അനുതാപ വാക്യങ്ങളോടുകൂടെ യഹോവയുടെ അടുക്കൽ മടങ്ങിച്ചെന്നു അവനോടു: "സകല അകൃത്യത്തേയും ക്ഷമിച്ചു, ഞങ്ങളെ കൃപയോടെ കൈക്കൊള്ളേണമേ; എന്നാൽ ഞങ്ങൾ ഞങ്ങളുടെ അധരാർപ്പണമായ കാളകളെ അർപ്പിക്കും" (ഹോശെയാ 14:2) കിംങ് ജെയിംസ് വെർഷൻ പറയുന്നു "എന്നാൽ ഞങ്ങളുടെ കാളക്കുട്ടികളെ അധരാർപ്പണമായി അർപ്പിക്കും". ബോബ് മംഫോർഡ് ആ പ്രയോഗത്തെ ഇങ്ങനെ അഭിപ്രായപ്പെട്ടു:

> മോശയുടെ കീഴിൽ ആരംഭിച്ചതായ യാഗം അർപ്പിച്ചിരുന്നത് പശുക്കിടാക്കളേയും, കാളകളേയും, ചെറിയ ആടുകളേയും, കുറുപ്രാക്കളേയും ആയിരുന്നു. എങ്ങനെയായാലും ഇവയെല്ലാം അർപ്പിക്കുമ്പോൾ അർപ്പിക്കുന്ന ആളുടെ ഹൃദയം അതിൽ ഇല്ലെങ്കിൽ അതുകൊണ്ട് ഫലം ഇല്ലായിരുന്നു. തന്റ അടുക്കൽ നിന്ന്, "ദൈവമേ, ഞാൻ ഈ പുകഴ്ചായാഗം അർപ്പിക്കുന്നത് ... പശുക്കിടാങ്ങളെപ്പോലും അധരാർപ്പിതമായി സമർപ്പിക്കുന്നു, യഹോവേ ഞാൻ നിന്നെ നമസ്കരിക്കുന്നു."[9]

ദൈവത്തെ *പ്രസാദിപ്പിക്കുന്ന* യാഗങ്ങളിൽ, ദൈവത്തോടുള്ള പൗരോഹിത്യ ബന്ധത്തിൽ മറ്റുള്ളവരോട് സന്തോഷം പങ്കിടുന്നതും, ദയ കാണിക്കുന്നതും ഉൾപ്പെടുന്നു. ജീവനുള്ള യാഗങ്ങളാണ് ഹൃദയ യാഗങ്ങൾ. തങ്ങളുടെ

*നിക്ഷേപ* പാത്രങ്ങളിൽ നിന്നാണ് വിദ്വാന്മാർ യേശുവിന് നല്കിയത്. യേശു പറഞ്ഞു "നിങ്ങളുടെ നിക്ഷേപമുള്ളേടത്ത്, നിങ്ങളുടെ ഹൃദയവും ഇരിക്കും" (മത്തായി 6:21). തൻെറ ഉദ്ദേശത്തിനും ഇഷ്ടത്തിനുമായി ഹൃദയ യാഗങ്ങൾ എന്ന നിക്ഷേപം അവന് അർപ്പിക്കുവാൻ ദൈവം ആഗ്രഹിക്കുന്നു. അല്ലെങ്കിൽ, നമ്മുടെ ഹൃദയത്തിലുള്ള നിക്ഷേപങ്ങൾ നമുക്കും ദൈവത്തിനും ഇടയിൽ തടസ്സമായി നിൽക്കും. തന്റെ ഹൃദയത്തെ അറിയുന്നവനായിട്ടാണ് ദൈവത്തെ ദാവീദ് തിരിച്ചറിഞ്ഞത്. അവൻ പറഞ്ഞു, "ദൈവത്തിന്റെ ഹനനയാഗങ്ങൾ തകർന്നിരിക്കുന്ന മനസ്സ്, ..." (സങ്കീർത്തനങ്ങൾ 51:17). ദൈവത്തോട് പറ്റിച്ചേർന്ന (യാഗം) ഹൃദയ നിക്ഷേപമായി അർപ്പിക്കുന്നതാണ് ആരാധന. ഭൗമീകമായ നിക്ഷേപങ്ങളിലുള്ള ആശ്രയം ഉപേക്ഷിച്ച് ദൈവത്തിൽ പൂർണമായി ആശ്രയിക്കുമ്പോൾ സന്തോഷവും സമാധാനവും നിലനിൽക്കും.

**ഉപസംഹാരം**

പുരോഹിതന്മാരായി ദൈവത്തെ ആരാധിക്കുന്നതിനുള്ള വലിയ ക്ഷണമാണ് ക്രിസ്ത്യാനികൾക്ക് ലഭിക്കുന്നത് (1 പത്രൊസ് 2:5). യാഗമില്ലാത്ത ആരാധന ആരാധനയേ അല്ല. യാഗപൂർണമായ ആരാധനയേ സംബന്ധിച്ച് ചുരുങ്ങിയത് മൂന്നു സത്യങ്ങൾ നാം ഓർമിക്കണം.

1. *യാഗത്തിന്റെ ഏറ്റവും ഉയർന്ന ലക്ഷ്യം സ്നേഹമാണ്.* ഒരേ വീട്ടിൽ തന്നെ താമസിച്ച രണ്ട് വേശ്യമാരെ ശലോമോൻ കണ്ടുമുട്ടി. ഓരോരുത്തിക്കും ഓരോ ശിശു ഉണ്ടായിരുന്നു; എന്നാൽ ഒരു സ്ത്രീ തന്റെ കുട്ടിയുടെ മേൽ കിടക്കുകയും, കുട്ടി മരിക്കുകയും ചെയ്തു. അവൾ ആ മരിച്ച കുട്ടിയെ എടുത്തുകൊണ്ട് പോയി മറ്റെ സ്ത്രീയുടെ അടുക്കൽ കിടത്തുകയും, അവളുടെ ജീവനുള്ള കുട്ടിയെ കൊണ്ടുവന്ന് തന്റെ അടുക്കൽ കിടത്തുകയും ചെയ്തു. ജീവനുള്ള കുട്ടിയുടെ അവകാശികളായി രണ്ട് സ്ത്രീകളും വന്നു. ശലോമോൻ അവർ പറഞ്ഞതു കേട്ട് നല്ലൊരു തീരുമാനം പറയുവാൻ നിശ്ചയിച്ചു: അവൻ കുട്ടിയെ നേർ പകുതിയായി മുറിച്ച് ഓരോരുത്തർക്കും നല്കുവാൻ പറഞ്ഞു. അതിൽ ഒരു സ്ത്രീ പറഞ്ഞു, "അയ്യോ യജമാനനെ, ജീവനുള്ള കുട്ടിയെ അവൾക്കു കൊടുത്തുകൊൾക, അവനെ ഒരിക്കലും കൊല്ലരുത്." മറ്റെ സ്ത്രീ പറഞ്ഞു "പകുത്തുകൊൾക അവൻ അവൾക്കും വേണ്ട എനിക്കും വേണ്ട!" അങ്ങനെ കുട്ടിയുടെ യഥാർത്ഥ അമ്മയെ ശലോമോൻ തിരിച്ചറിഞ്ഞു. അവൻ ജീവനോടെ അവൾക്ക് കൊടുക്കുവാൻ ലക്ഷ്യമിട്ടത് അവൾക്ക് കുട്ടിയോടുള്ള സ്നേഹം നിമിത്തമാണ് (1 രാജാക്കന്മാർ 3:16–28). നമ്മുടെ നിക്ഷേപങ്ങൾ അവന് നല്കുവാൻ നമ്മെ പ്രേരിപ്പിക്കുന്നത്. ദൈവത്തോട് നമുക്കുള്ള സ്നേഹം നിമിത്തമാണ്.

2. *യാഗത്തിന്റെ ഏറ്റവും വലിയ നന്മയാണ് നന്ദി.* "ആകയാൽ ഇളകാത്ത രാജ്യം പ്രാപിക്കുന്നതുകൊണ്ടു നാം നന്ദിയുള്ളവരായി ദൈവത്തിനു പ്രസാദം വരുമാറു ഭക്തിയോടും ഭയത്തോടുംകൂടെ സേവ ചെയ്ക" (എബ്രായർ 12:28). ദൈവം ആരാണ് എന്നും, അവൻ നമുക്കുവേണ്ടി ചെയ്തത് എന്താണെന്നും, ചെയ്തുകൊണ്ടിരിക്കുന്നത് എന്താണെന്നും അറിഞ്ഞാൽ, നാം വാസ്തവത്തിൽ നന്ദിയുള്ളവരായിരിക്കണം. തങ്ങൾക്ക് ഒരു രക്ഷകൻ വേണമെങ്കിൽ, അവന്റെ സൗജന്യമായ വീണ്ടെടുപ്പ് നന്ദിയോടുകൂടെ സ്വീകരിക്കുന്നതിന്റെ ഫലമായാണ് ആരാധിക്കുന്നത്.

3. "*നമ്മുടെ ശരീരങ്ങളെ ജീവനും പ്രസാദകരവുമായ യാഗമായി ദൈവ*

*ത്തിന് അർപ്പിക്കുന്നതാണ് ...*" അവസാന യാഗം (റോമർ 12:1). നമ്മുടെ കർത്താവും രാജാവുമായ മഹാപുരോഹിതൻ, നമുക്കുവേണ്ടി യാഗം അർപ്പിച്ചു. നമ്മുടെ ആരാധനയിൽ യാഗപീഠത്തിൽ നമ്മെ അർപ്പിക്കുന്നതിൽ കുറച്ചൊന്നും അവൻ പ്രതീക്ഷിക്കുന്നില്ല. "നാം യേശുവിനെ പോലെ, നമ്മുടെ ആത്മാവിനെ പിതാവിന്റെ കരങ്ങളിൽ ഏൽപിച്ച്, പരിശുദ്ധാത്മാവിന്റെ തീയാൽ പൂർണ്ണമായി ദഹിപ്പിക്കുവാൻ അനുവദിക്കുമ്പോൾ മാത്രമാണ് നാം അവന്റെ സന്നിധിയിൽ പ്രവേശിപ്പാൻ ഒരുങ്ങുന്നത്."[10]

---

കുറിപ്പുകൾ

[1]ഡബ്ലിയു. എൽ. വാക്കർ, "ഫ്രാങ്കിങ് സെൻസ്" ഇൻ ദ *ഇന്റർ നാഷനൽ സ്റ്റാന്റേർഡ് ബൈബിൾ എൻസൈക്ലോപ്പീഡിയ*, എഡി. ജെയിംസ് ഓർ (ഗ്രാന്റ് റാപ്പിട്സ്, മൈക്ക്.: ഡബ്ലിയു എം. ബി. എഡ്മാൻസ് പബ്ലിഷിങ് കമ്പനി, 1957), 2: 1144. [2]ആൽഫ്രഡ് പി. ജിബ്സ്, *വർഷിപ്പ്: ദ ക്രിസ്റ്റ്യൻസ് ഹൈയെസ്റ്റ് ഓക്യുപ്പേഷൻ,* 2 ന്റ് എഡി. (കൻസാസിറ്റി, ക്യാൻസ്.: വാൾട്ടറിക് പബ്ലിഷേഴ്സ്, എൻ. ഡി.), 45. [3]ജെയിംസ് പി. ജിബ്സ്, *എ ഹാർട്ട് എഫ്ളെയിം: ദ ഡയനാമിക്സ് ഓഫ് വർഷിപ്* (ടാർപോൺ സ്പ്രിങ്സ്, ഫ്ളാ.: എൻപി. എൻ. ഡി.), 75. [4]ഈ. ഡബ്ലിയു. ജി. മാസ്റ്റർമാൻ, "മിർ," ഇൻ *ദ ഇന്റർനാഷ്ണൽ സ്റ്റാൻഡേർഡ് ബൈബിൾ* എൻസൈക്ലോപീഡിയ, എഡി. ജെയിംസ് ഓർ (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1957), 3:2102–3. [5]ജിബ്സ്, 45. [6]ബോബ് മംഫോർഡ്, *എന്ററിങ് ആന്റ് എൻജോയിങ് വർഷിപ്* (എഫ്ടി. ലാഡെർഡെയിൽ, ഫ്ളാ.: ബൈ ദ ആദർ, 1975), 47. [7]ജാക്ക് ഹേഫോർഡ്, *വർഷിപ് ഹിസ് മജെസ്റ്റി* (ഡള്ളാസ്: വേഡ് പബ്ലിഷിങ്, 1987), 89. [8]*എം സ്പ്രീങ്സ് ബൈബിൾ കോളേജ്, 1996–1997 കാറ്റലോഗ്* (എം സ്പ്രിങ്സ് ബൈബിൾ കോളേജ്, 1996), 18. [9]മംഫോർഡ്, 49. [10]ജിൽസ്, 75.